WEDNESDAY 01-09-2021 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian

Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) – 01/09/2021

1. വായ്പ പലിശ സഹായ പദ്ധതി പ്രകാരം വിവിധ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത ക്ഷീര കർഷകർക്ക് 5000 രൂപ വരെ മൃഗസംരക്ഷണ വകുപ്പ് വായ്പാ പലിശ സഹായം നൽകുന്നു. 2017 മുതൽ വായ്പ എടുത്തിട്ടുള്ളതും ലോൺ തുക കൃത്യമായി അടയ്ക്കുന്നതുമായ ക്ഷീരകർഷകർ ഈ ആനുകൂല്യത്തിനായി അടുത്തുള്ള സർക്കാർ മൃഗാശുപത്രിയിൽ അപേക്ഷിക്കേണ്ടതാണെന്നും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകാർക്കും അപേക്ഷ നൽകാവുന്നതാണെന്നും തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

2. ടാപ്പിങ് ആരംഭിക്കുന്നതിന് റബ്ബർമരങ്ങൾ മാർക്കു ചെയ്യുന്ന വിധം, ആഴ്ചയിലൊരിക്കൽ ടാപ്പിങ് തുടങ്ങിയവയെക്കുറിച്ചറിയുന്നതിന് റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് (01.09.2021) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഫോണിലൂടെ മറുപടി നൽകും. കോൾസെന്റർ നമ്പർ **0481 2576622.**

3. സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിലുള്ള കണ്ണൂർ ജില്ലയിലെ പാട്യം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ ബയോറിസോഴ്സ് ആന്റ് അഗ്രിക്കൾച്ചറൽ റിസർച്ച് എന്ന സ്വയംഭരണ സ്ഥാപനത്തിലേക്ക് 2021-22 പഠന വർഷത്തിലേക്കുള്ള ആനിമേഷൻ ന്യൂട്രിഷൻ ആന്റ് ഫീഡ് പ്ലാന്റ് ടെക്ക്നോളജി, അഗ്രോ പ്രോസസിംഗ് ആന്റ് വാല്യൂ എഡിഷൻ, ബുച്ചറി സ്ലോട്ടർ ഹൗസ് മാനേജ്മെന്റ് ആന്റ് മീറ്റ് പ്രോസസിംഗ് എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അടിസ്ഥാന യോഗ്യത പ്ലസ്ടു. പ്രായപരിധി 30 വയസ്സ്. താൽപര്യമുള്ള അപേക്ഷകർ വെള്ളക്കടലാസിൽ എഴുതി തയ്യാറാക്കിയ അപേക്ഷ തപാലിലോ brcmokeri@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ സർട്ടിഫിക്കറ്റിന്റെ കോപ്പി, വയസ്സു തെളിയിക്കുന്ന രേഖ എന്നിവ സഹിതം ഈ മാസം 30- നകം (സെപ്റ്റംബർ 30നകം) അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9447242240** എന്ന നമ്പരിൽ ബന്ധപ്പെടുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവകലാശാലയിലെ മാസ്റ്റർ ഓഫ് സയൻസ്, ബി.എസ്.സി, പി.പി.ബി.എം, ഡിപ്ലോമ പ്രോഗ്രാമുകളിലേക്ക് പ്രവേശന നടപടികൾ ആരംഭിച്ചു. https://applications.kvasu.ac.in/ എന്ന വെബ്സൈറ്റ് വഴി ഈ മാസം 15 (സെപ്റ്റംബർ 15) വരെ അപേക്ഷകൾ സമർപ്പിക്കാം.

**പരിശീലന പരിപാടികൾ**

5. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഇന്ന് (01.09.2021) വൈകിട്ട് 7 മണി മുതൽ **കാർഷിക സുശീലങ്ങൾ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChannel/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

6. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്നു (01/09/2021 ന ) രാവിലെ 11 മണിക്ക് **"ക്ഷീരസംഘം ജീവനക്കാരുടെ പെൻഷൻ പദ്ധതി"** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481– 2302223 / 9447824520** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

7. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇന്ന് (സെപ്റ്റംബർ 1 ന) രാവിലെ 11 മണി മുതൽ **ഗുലാബ്ജാമുൻ, മിൽക്ക്ഹൽവ എന്നിവയുടെ നിർമ്മാണ രീതിയെക്കുറിച്ച് അറിയേണ്ടതെല്ലാം** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/smm-wvyw-feq എന്ന **ലിങ്ക് വഴി ജോയിൻ ചെയ്യുക.** കൂടുതൽ വിവരങ്ങൾക്ക് **0476–2698550** എന്ന ഫോൺ നമ്പരിലോ, dtcoachira@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

8. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 8,9 തീയതികളിൽ പശു വളർത്തൽ, 16,17 തീയതികളിർ ഇറച്ചിക്കോഴിവളർത്തൽ, 27-ന് താറാവു വളർത്തൽ, 29,30 തീയതികളിൽ നായവളർത്തൽ എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പരിലോ **9188522701**. എന്ന വാട്ട്സാപ്പ് നമ്പരിലോ ബന്ധപ്പെടുക.

കാർഷിക നിർദ്ദേശങ്ങൾ

9. തെങ്ങിൻ തോപ്പിൽ ഇടയിളക്കുന്നത് കള നിയന്ത്രണത്തിനും, തുലാമഴയിൽ നിന്നുള്ള വെള്ളം മണ്ണിലിറങ്ങുന്നതിനും സഹായിക്കും. തെങ്ങിന്റെ കൂമ്പോലയ്ക്ക് ചുറ്റുമുള്ള ഓലകൾ മഞ്ഞളിക്കുന്നുണ്ടെങ്കിൽ ശ്രദ്ധിക്കണം. കൂമ്പുചീയൽ രോഗമാണെന്നു കണ്ടാൽ കേടുവന്ന കൂമ്പോലകൾ വെട്ടിമാറ്റി മണ്ടയുടെ അഴുകിയ ഭാഗങ്ങൾ വൃത്തിയാക്കി ബോർഡോ കുഴമ്പ് പുരട്ടണം. വെള്ളം ഇറങ്ങാതിരിക്കാൻ മരുന്നു പുരട്ടിയ ഭാഗം വാവട്ടമുള്ള ഒരു മൺചട്ടി കൊണ്ട് മൂടി വയ്ക്കുകയും വേണം.

10. മഴക്കാലത്ത് വാഴയിൽ **എർവിനിയ റോട്ട്** രോഗം കാണാനിടയുണ്ട്. വാഴത്തോട്ടങ്ങളിൽ നീർവാർച്ച സൗകര്യം മെച്ചപ്പെടുത്തുക. വാഴത്തടങ്ങളിൽ കുമ്മായം ഇടുന്നതും, നീർച്ചാലുകളിൽ ബ്ലീച്ചിങ്ങ് പൗഡർ ഇടുന്നതും നല്ലതാണ്. 20 ഗ്രാം **സ്യൂഡോമോണാസ് ഫ്ളൂറസൻസ്** ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി മണ്ണ് കുതിരത്തക്കവണ്ണം, വാഴയ്ക്ക് ചുറ്റും ഒഴിക്കുന്നത് രോഗപ്രതിരോധശേഷി വർധിപ്പിക്കും. രോഗം ബാധിച്ചാൽ ഒരു ഗ്രാം ബ്ലീച്ചിംഗ് പൗഡർ അല്ലെങ്കിൽ 3 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് അല്ലെങ്കിൽ 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത് തയ്യാറാക്കിയ ലായനി മണ്ണ് കുതിരത്തക്ക വണ്ണം വഴയ്ക്ക് ചുറ്റും ഒഴിക്കണം. രോഗം രൂക്ഷമായ വാഴകൾ വെട്ടിമാറ്റി നശിപ്പിക്കുകയും ആ കുഴിയിൽ കുമ്മായം അല്ലെങ്കിൽ ബ്ലീച്ചിങ്ങ് പൗഡർ ഇടുകയും ചെയ്യുക.